പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3288 — 19.06.2018-ലെ മറുപടിക്ക്

**<u>മംഗലാപുരം റൂട്ടിലോടുന്ന കെ.എസ്.ആർ.ടി.സി. ബസുകളിൽ വിദ്യാർത്ഥി കൺസഷൻ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. എ.നെല്ലിക്കുന്ന് | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. കാസർകോട് ഡിപ്പോയിൽ നിന്ന് മംഗലാപുരത്തേക്ക് ഒരു ദിവസം എത്ര സർവ്വീസുകൾ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ഡിപ്പോയിൽ നിന്നും മംഗലാപുരത്തേയ്ക്ക് ദിവസേന 41 സർവ്വീസുകൾ നടത്തുന്നുണ്ട്. |
| (ബി) | ഈ സർവ്വീസുകളിൽ നിന്ന് ഓരോ ദിവസവും കിട്ടുന്ന വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രതിദിനം ശരാശരി 6,50,000 രൂപ വരുമാനം ലഭിക്കുന്നുണ്ട്. |
| (സി) | കാസർകോട് ജില്ലയിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്രയോ കൺസഷനോ കെ.എസ്.ആർ.ടി.സി. അനുവദിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഏതെല്ലാം റൂട്ടുകളിലാണ് ഈ ആനുകൂല്യം അനുവദിച്ചിട്ടുള്ളതെന്നും ഇതു മൂലം ഒരു ദിവസം സഹിക്കേണ്ടിവരുന്ന നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ; | (സി) | വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിച്ചിട്ടുണ്ട്.<br>കാസർഗോഡ്- പൊയ്നാച്ചി<br>കാസർഗോഡ്- ചട്ടഞ്ചാൽ<br>കാസർഗോഡ്- പെരുമ്പള<br>കാസർഗോഡ്- പറമ്പ<br>കാസർഗോഡ്- കാഞ്ഞങ്ങാട്<br>എന്നീ റൂട്ടുകളിലാണ് നിലവിൽ കൺസഷൻ അനുവദിച്ചിരിക്കുന്നത്. ഇതുമൂലമുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | മംഗലാപുരം റൂട്ടിലോടുന്ന കെ.എസ്.ആർ.ടി.സി. ബസുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ഡി) | അനുവദിക്കാറില്ല. |
| (ഇ) | ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അനുവദിക്കാത്തതെന്നും അനുവദിച്ചാൽ ഒരു ദിവസം സഹിക്കേണ്ടിവരുന്ന നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ; | (ഇ) | അന്തർസംസ്ഥാന സർവ്വീസുകളിൽ നിലവിൽ കൺസഷൻ അനുവദിക്കുന്നില്ല. നഷ്ടം കണക്കാക്കിയിട്ടില്ല. |
| (എഫ്) | കാസർഗോഡ് നിന്ന് മംഗലാപുരത്തേക്ക് പോകുന്ന കർണ്ണാടക സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഇത് ചൂണ്ടിക്കാണിച്ച് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസുകളിലും കൺസഷൻ വേണമെന്ന വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ആവശ്യത്തോട് സർക്കാരിന്റെ നിലപാടെന്താണെന്നും വ്യക്തമാക്കാമോ? | (എഫ്) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി വളരെയധികം സാമ്പത്തിക നഷ്ടം നേരിടുന്നുണ്ട്. അന്തർ സംസ്ഥാന റൂട്ടുകളിൽ വിദ്യാർത്ഥികൾക്ക് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം കൺസഷൻ അനുവദിക്കുവാൻ നിർവ്വാഹമില്ല. |

**സെക്ഷൻ ഓഫീസർ**